മിസ്റ്റർ കെ. പി. വള്ളോൻ.—സാധുക്കളായ അധഃകൃതവർഗ്ഗക്കാക്ക് ഉച്ചഭക്ഷണം ഭക്ഷണമായിട്ട കൊടുത്തുകൊണ്ടിരുന്നത് ഇപ്പോൾ സംഖ്യയായിട്ട് കൊടുക്കുന്നുണ്ട്. അതു മൂന്നു നാലു മാസം കൂടുമ്പോൾ ഒരു ദിവസം മാത്രമേ കൊടുത്തുകാണുന്നുള്ളു. അതു പാടെ മാറ്റിയിട്ട് മാസാമാസം കൊടുക്കുവാൻ ദയവുണ്ടാകുമോ?

മിസ്റ്റർ ഐ. എൻ. മേനോൻ.—അതു വേണ്ടപോലെ ചെയ്യുന്നതിനു് അധഃകൃതരുടെ സംരക്ഷകനോടു പറഞ്ഞു ശരിപ്പെടുത്താം.

Stipend—Depressed Class-girls.

422. മിസ്റ്റർ കെ. പി. വള്ളോൻ.—എറണാകുളം അഞ്ചലാശേരണത്തിൽ പഠിയ്ക്കുന്ന അധഃകൃതവിദ്യാർത്ഥികൾക്ക് സ്റ്റൈപ്പൻഡായി കൊടുത്തുവരുന്ന മൂന്നുറുപ്പിക, അഞ്ഞുറുപ്പിക ആക്കിത്തീർക്കുവാൻ ബഹുമാനപ്പെട്ട ശവമ്മെൻറ് ആലോചിക്കുന്നുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്?

മിസ്റ്റർ ഐ. എൻ. മേനോൻ—ഇല്ല. അതിനുള്ള ആവശ്യം നേരിട്ടിട്ടില്ല.

Work—Depressed Classes.

423 മിസ്റ്റർ കെ. പി. വള്ളോൻ.—ഈ രാജ്യത്തെ തൊഴിലാളികൾ അധികവും അധഃകൃതരാകയാൽ തോട്ടവെട്ട്, മൺപണി, മുതലായ കണ്ടാക്ട് അധഃകൃതർക്കു കൊടുക്കാതിരിയ്ക്കുന്നതിനു് കാരണമെന്ത്?

മിസ്റ്റർ ഐ. എൻ. മേനോൻ.—അധഃകൃതർ തോട്ടവെട്ട്, മൺപണി മുതലായവയ്ക്കു തന്നെയല്ലാ മറെറന്തു പണികൾക്കും ശരിയായ ടർഘാസ്സ് കൊടുക്കുന്നതായാൽ അവരുടെ ടർഘാസ്സുകൾ മറുള്ള ജാതിക്കാരുടേതുപോലെ തന്നെ യാതൊരു വ്യത്യാസവും കൂടാതെ നോക്കുന്നതാണ്. അധഃകൃതസംരക്ഷണ ഡിപ്പാർട്ട്മെൻറിൽ ഉണ്ടാകുന്ന ഇത്തരം പണികൾ നിവൃത്തിയുള്ളിടത്തോളം അധഃകൃതരെ തന്നെ ഏല്പിക്കുന്നതിനു് ഉത്തരവും അയച്ചിട്ടുണ്ട്.

Paths in the Mulavukad, etc., villages.

424. മിസ്റ്റർ കെ. പി. വള്ളോൻ.—കണയന്നൂർ താലൂക്കിൽപ്പെട്ട മുളവുകാട്, പനമ്പുകാട്, നെടുങ്ങാട് എന്നീ സ്ഥലങ്ങളിലുള്ള ശവമ്മെൻറ വഴികൾ ഗതാഗത സൌകര്യാർത്ഥം കല്ലിട്ട തല്ലിനന്നാക്കാത്തത് എന്തുകൊണ്ടാകുന്നു?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ.—വണ്ടികൾ ഉപയോഗിയ്ക്കുന്ന വഴികൾ മാത്രമേ കല്ലിട്ടു ടച്ചിട്ടാവശ്യമുള്ളു. പനമ്പുകാട്, മുളവുകാട്, എന്നു പറഞ്ഞ സ്ഥലങ്ങൾ ചെറിയ ദ്വീപു

LIBRARY ARCHIVES Kerala Legislative Assembly